## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2363

19/07/2016 - ൽ മറുപടിക്ക്.

## പശുസഖി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. യു.പ്രതിഭാ ഹരി | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീയും മൃഗസംരക്ഷണ വകുപ്പും ചേർന്ന് നടപ്പാക്കാനുദ്ദേശിക്കുന്ന പശുസഖി പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) കുടുംബശ്രീ റൂറൽ മൈക്രോ സംരംഭങ്ങളിൽ പകുതിയോളം മൃഗസംരക്ഷണ മേഖലയിൽ ഉള്ളവയായതിനാൽ ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുവാനും ഗുണഭോക്താക്കളും വിവിധ വകുപ്പുകളും ഏജൻസികളുമായുള്ള സംയോജന പ്രവർത്തനങ്ങൾക്കും വഴികാട്ടി ആകുന്നതിന് പശുസഖി എന്ന് അറിയപ്പെടുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെ/കമ്മ്യൂണിറ്റി കേഡർമാരെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുത്ത കുടുംബശ്രീ അംഗങ്ങൾക്ക് മൃഗസംരക്ഷണ മേഖലയിൽ വിദഗ്ധ പരിശീലനങ്ങൾ നൽകുന്നതാണ്. |
| (ബി) വനിതകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി ഉപകരിക്കുമോഎന്നു വെളിപ്പെടുത്താമോ ? | (ബി) പ്രസ്തുത പദ്ധതിയിലൂടെ വനിതകൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.